# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 439

29.06.2015 ൽ മറുപടിയ്ക്ക്

## കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ കാസർഗോഡ് ജില്ലയിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ലഭിച്ച അപേക്ഷകളിൽ എത്ര എണ്ണം തീർപ്പാക്കി; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ധനസഹായത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെയായി (31.05.2015 വരെ) കാസർഗോഡ് ജില്ലയിൽ നിന്നും 1131 അപേക്ഷകൾ പദ്ധതി നടപ്പാക്കുന്ന കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡിന് ലഭിച്ചിട്ടുണ്ട്. ആയതിൽ 840 അപേക്ഷകളിൽ ധനസഹായം അനുവദിച്ചു. 143 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. 148 അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) എത്ര രൂപയുടെ ആനുകൂല്യം ഇതുവഴി ലഭ്യമാക്കിയെന്ന് വിശദമാക്കാമോ? | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെയായി (31.05.2015 വരെ) കാസർഗോഡ് ജില്ലയിൽ 840 അപേക്ഷകളിലായി 3,91,96,913 രൂപ (മൂന്ന് കോടി തൊണ്ണൂറ്റൊന്ന് ലക്ഷത്തി തൊണ്ണൂറ്റാറായിരത്തി തൊള്ളായിരത്തി പതിമൂന്ന് രൂപ) യുടെ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ